(ബി) മെഡിക്കൽ കോളേജ് ആശുപത്രികൾക്കായി പ്രത്യേക സ്റ്റോർ വെരിഫിക്കേഷൻ ടീമിനെ നിയോഗിക്കണമെന്നുള്ള ശുപാർശ നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള സ്റ്റോർ വെരിഫിക്കേഷൻ ടീമിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷണ്മുഖദാസ്) :

(എ) തിരുവനന്തപുരം, കോഴിക്കോട്, ആലപ്പുഴ, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ വാർഡ് ഫാർമസി സമ്പ്രദായം നിലവിലുണ്ട്. ഈ സമ്പ്രദായം കോട്ടയം മെഡിക്കൽ കോളേജിൽ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

(ബി) മെഡിക്കൽ കോളേജ് ആശുപത്രികൾക്കായി പ്രത്യേക സ്റ്റോർ വെരിഫിക്കേഷൻ ടീമിനെ നിയമിച്ചില്ല. ഇക്കാര്യം പരിശോധിക്കുന്നതാണ്.

(സി) ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള സ്റ്റോർ വെരിഫിക്കേഷൻ ടീമിന്റെ പ്രവർത്തനം ഇപ്പോൾ സാമാന്യം തൃപ്തികരമായി നടക്കുന്നുണ്ട്. അപാകതകൾ പരിഹരിക്കാൻ ശ്രമിക്കുന്നതാണ്.

സൗര വൈദ്യുതി നിലയം

14 (*502)ശ്രീ. കെ. മുഹമ്മദാലി : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു സൗരവൈദ്യുതി നിലയം സ്ഥാപിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഈ നിലയം എവിടെയാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) കേന്ദ്ര ഗവൺമെന്റിന്റെ പാരമ്പര്യേതര ഊർജ്ജ മന്ത്രാലയത്തിൽ നിന്നും ഈ പദ്ധതിയ്ക്ക് എന്തെങ്കിലും സഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ എന്തുതരം സഹായമെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ)&(ബി) വൈദ്യുതി ശൃംഖലയുമായി ബന്ധിക്കപ്പെട്ട 25 കിലോവാട്ട് ശേഷിയുള്ള ഒരു സൗരവൈദ്യുതി നിലയം തിരുവനന്തപുരത്ത് വൈദ്യുതിബോർഡിന്റെ ആസ്ഥാനത്ത് പത്താം നിലയുടെ മുകളിലും വൈദ്യുതി ശൃംഖലയുമായി ബന്ധിപ്പിക്കാതെ സ്വതന്ത്രമായ ഒരു സൗര നിലയം പത്തനംതിട്ടയിലെ റാന്നിയിലുള്ള കൊക്കത്തോട്ടിലെ നീരാമക്കുളം എന്ന സ്ഥലത്തും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

(സി) വൈദ്യുതി ശൃംഖലയുമായി ബന്ധിപ്പിക്കുന്ന സൗരനിലയത്തിന് 50 ലക്ഷം രൂപയുടെ സഹായം ലഭിക്കും. ഇതിൽ 34.01 ലക്ഷം രൂപ ഇതിനകം ലഭിച്ചിട്ടുണ്ട്.

(ഡി) തിരുവനന്തപുരത്ത് വൈദ്യുതി ഭവനിൽ സ്ഥാപിക്കുന്ന സൗര നിലയത്തിന് സംസ്ഥാന വിദ്യുച്ഛക്തിബോർഡും അനെർട്ടും തമ്മിൽ ഒരു

LIBRARY ARCHIVES Kerala Legislative Assembly

ധാരണാപത്രം ഒപ്പുവച്ചാലുടൻ ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയും.

പത്തനംതിട്ടയിലെ റാന്നിയിലുള്ള കൊക്കത്തോട്ടിലെ നീരാമക്കുളത്ത് സ്ഥാപിക്കുന്ന സൗരനിലയത്തിന് സ്ഥലം നൽകാൻ ആരുവാപാലം പഞ്ചായത്ത് സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. ഇനി ടെണ്ടർ നൽകിയ ശേഷം ടേൺ കീ അടിസ്ഥാനത്തിൽ പദ്ധതി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം

15 (*503)ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥന്മാർ സർക്കാർ വാഹനങ്ങൾ ധാരാളമായി ദുരുപയോഗം ചെയ്യുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് എന്തെങ്കിലും നിയന്ത്രണ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) എങ്കിൽ, ഇത് പാലിക്കാതെ സർക്കാർ വാഹനങ്ങൾ സ്വകാര്യ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) ഇല്ല.

(ബി) 22.10.90 ലെ സർക്കാർ ഉത്തരവ് (പി) നംപർ 529/90/ധന. പ്രകാരവും ധനകാര്യ സീക്രട്ട് വകുപ്പിൽ നിന്നുള്ള 8.2.91 ലെ സർക്കുലർ നംപർ. 18/91/ഫിൻ. പ്രകാരവും വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം നവീകരിക്കുന്നതിന് നടപടി

16 (*504)ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ആന്റണി രാജു :
ശ്രീ. പി.സി. ജോർജ് :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. ടി.എസ്. ജോൺ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം നവീകരിക്കുന്നതിനും കുറ്റമറ്റതാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ക്രമാതീതമായ തിരക്ക് ഒഴിവാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly